## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3713 23/08/2017 ൽ മറുപടിക്ക്**

## സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി . സതീശൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.കെ. മുരളീധരൻ | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സർക്കാർ അധികാരത്തിൽ വന്നശേഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | എ) | സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ ഉന്നമനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>(1) **<u>സംരംഭകത്വ സഹായ പദ്ധതി</u>**<br>പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു, പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭങ്ങൾക്കും, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകർക്കും, യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.<br>2. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.<br>3. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.<br>4. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരാമാവധി 10 ലക്ഷം അധിക സഹായം ലഭിക്കും.<br>(2) **<u>ഇ.ഡി.ക്ലബ്ബ്</u>**<br>യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു. കേരള |

എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ്, കളമശ്ശേരി) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന ശിൽപ്പ ശാലകൾ നടത്തിവരുന്നു. ഓരോ ജില്ലയിലും മികച്ചനിലയിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവ കണ്ടെത്തി കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വികസന ഓഫീസർ മുഖേനയാണ് ഇഡി ക്ലബ്ബുകൾ രൂപീകരിക്കുന്നത്. ഇഡി ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

- വ്യക്തിത്വ വികസനം.
- വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കൽ.
- സ്വയം തൊഴിലിന്റെ മഹത്വം പകർന്ന് നൽകൽ.
- നൂതന വ്യവസായ മേഖലകൾ പരിചയപ്പെടുത്തൽ.
- വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകൽപ്പന ചെയ്യൽ.
- അധ്വാനത്തിന്റെ മഹത്വം വിളംബരം ചെയ്യൽ.
- വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കൽ.

**(3) ഇൻകുബേഷൻ സെന്ററുകൾ :**

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായകേന്ദ്രങ്ങൾ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് . പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.

**(4) ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം**

ഒരേ തരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാം വിധത്തിൽ MSE-CDP പദ്ധതിപ്രകാരം കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ച് വരുന്നു.

**(5) മറ്റ് പദ്ധതികൾ**

ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ

| | | | |
|---|---|---|---|
| | | | ഡെവലപ്പ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണപദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തി വരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചിട്ടുണ്ട്<br>കെ.ബിപ്പ് വഴി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികളുടെ വിപണി ലഭ്യമാക്കുന്നതിനായി കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ, ദേശീയ അന്തർ ദേശീയ മേളകളിൽ പങ്കെടുപ്പിക്കൽ, തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |
| ബി) | ഈ സർക്കാരിന്റെ കാലത്ത് പുതുതായി എത്ര സംരംഭങ്ങൾ ആരംഭിക്കുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ; | ബി) | 1929.02 കോടി രൂപാ മൂലധനം നിക്ഷേപമുള്ളതും 75503 പേർക്ക് ജോലി പ്രദാനം ചെയ്യുന്നതുമായ 18786 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത സംരംഭകരുടെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ നല്കാമോ? | സി) | സൂക്ഷ്മ -ചെറുകിട -ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾ ദേശീയ-അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. <u>ബിസിനസ് ടു ബിസിനസ് മീറ്റുകൾ</u><br>കേരളത്തിന്റെ ഉല്പന്നങ്ങൾ അന്തർദേശീയ തലത്തിൽ പരിചയപ്പെടുത്തുന്നതിനായി 2017 വർഷത്തിൽ എറണാകുളത്ത് ബോൾഗാട്ടി പാലസിൽ 'വ്യാപർ 2017 ' നടത്തുകയുണ്ടായി.<br>2. <u>അഗ്രോഫുഡ് പ്രോ</u><br>കേരളത്തിന്റെ കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രദർശന വിൽപ്പനമേള 'അഗ്രോഫുഡ് പ്രോ'എന്ന പേരിൽ നടത്തുന്നു.<br>3. <u>ഐ.ഐ.റ്റി.എഫ്</u><br>ഡൽഹിയിൽ വച്ച് എല്ലാ വർഷവും നവംബർ മാസത്തിൽ നടത്തുന്ന ഐ.ഐ.റ്റി.എഫ്-ൽ കേരളത്തിൽ നിന്നും വ്യവസായ സംരംഭങ്ങളെ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 4. <u>നാഷണൽ ആന്റ് ഇന്റർനാഷണൽ ഈവന്റ്സ്</u><br>ദേശീയ തലത്തിലും അന്താരാഷ്ട്രതലത്തിലും നടക്കുന്ന വിവിധ എക്സിബിഷനുകളിൽ കേരളത്തിൽ നിന്നുള്ള സൂക്ഷ്മ-ചെറുകിട -ഇടത്തരം സംരംഭങ്ങളെ പങ്കെടുപ്പിക്കുന്നതിനുള്ള പദ്ധതികൾ കെ-ബിപ്പ് വഴി നടപ്പിലാക്കുന്നു.<br>5. <u>എം.എസ്.എം.ഇ എക്സിബിഷൻ</u><br>എല്ലാ ജില്ലകളിലും സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ ഉല്പന്നങ്ങളുടെ പ്രദർശന വിൽപ്പനമേള നടത്തുന്നു.<br>6. <u>മലബാർ ക്രാഫ്റ്റ് മേള</u><br>കെ-ബിപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിന്റെ കരകൗശല ഉൽപ്പന്നങ്ങളുടെ പ്രദർശന വിൽപ്പനമേള 'മലബാർ ക്രാഫ്റ്റ് മേള' എന്ന പേരിൽ നടത്തുന്നു.<br>7. <u>മാമാങ്കം</u><br>ഗവർണറുടെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച പ്രകാരം ഈ വർഷം മുതൽ സംസ്ഥാനാടിസ്ഥാനത്തിൽ കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി 'മാമാങ്കം' എന്ന പേരിൽ സംസ്ഥാനാടിസ്ഥാനത്തിൽ പ്രദർശനവിൽപ്പന മേള നടത്തുന്നു. |

**സെക്ഷൻ ഓഫീസർ**